**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6578** **20-03-2023 - ൽ മറുപടിയ്ക്ക്**

**മലപ്പുറം മണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതികൾ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. പി. ഉബൈദുള്ള** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | മലപ്പുറം മണ്ഡലത്തിൽ യുവജനക്ഷേമ ബോർഡ് വഴി നടപ്പാക്കി വരുന്ന വിവിധ പദ്ധതികൾ ഏതെല്ലാമാണെന്നും അവയുടെ പുരോഗതിയും വിശദമാക്കാമോ; | (എ) | മലപ്പുറം മണ്ഡലത്തിൽ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പാക്കി വരുന്നു.<br><br>1) ബോർഡ് രൂപീകരിച്ച അവളിടം യുവതി ക്ലബ്ബിന്റെ സഹായത്തോടെ വനിതാ ദിനത്തോടനുബന്ധിച്ച് സെമിനാർ സംഘടിപ്പിക്കുകയുണ്ടായി.<br><br>2) ലഹരിക്കെതിരായി 2022 മാർച്ച് 30 - ന് ജനസഭ എന്ന പേരിൽ ജനകീയ കൂട്ടായ്മ സംഘടിപ്പിക്കുകയുണ്ടായി. ഇതിൽ സ്കൂൾ-കോളേജ് വിദ്യാർത്ഥികൾ, ജനപ്രതിനിധികൾ, പൗരപ്രമുഖർ എന്നിവർ പങ്കെടുക്കുകയും ലഹരിവിരുദ്ധ പ്രതിജ്ഞ ചൊല്ലുകയും ലഹരിക്കെതിരായി ദീപം തെളിയിക്കുകയും ചെയ്യുകയുണ്ടായി.<br><br>3) അവളിടം യുവതി ക്ലബ്ബിന്റെ കീഴിൽ ക്ലബ്ബ് അംഗങ്ങൾക്കായി കേക്ക് നിർമ്മാണ പരിശീലനം 19/03/2022 - ന് സംഘടിപ്പിക്കുകയുണ്ടായി.<br><br>4) തൊഴിൽ പരിശീലനം എന്ന ഉദ്ദേശത്തോടുകൂടി ക്ലബ്ബംഗങ്ങൾക്ക് 20/03/2022 - ന് ആഭരണനിർമ്മാണ പരിശീലനം സംഘടിപ്പിക്കുകയുണ്ടായി.<br><br>5) ശാസ്ത്രീയ കൃഷി രീതി പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശത്തോടുകൂടി യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ യുവ കർഷകർക്കായി ആനക്കയം കാർഷിക ഗവേഷണ കേന്ദ്രത്തിൽ വച്ച് 2023 മാർച്ച് 4 - ന് ശാസ്ത്രീയ കൃഷിരീതി പരിശീലനവും സെമിനാറും സംഘടിപ്പിക്കുകയുണ്ടായി.<br><br>6) ബോർഡ് 2023 ഫെബ്രുവരി, മാർച്ച് മാസങ്ങളിലായി സംഘടിപ്പിക്കുന്ന ഹൈസ്കൂൾതല ശാസ്ത്ര ക്വിസ്സിന്റെ ഭാഗമായി 10 ഹൈസ്കൂളിൽ |

| | | | |
|---|---|---|---|
| | | | ശാസ്ത്രക്വിസ്സ് മത്സരം സംഘടിപ്പിച്ചു. മലപ്പുറം മണ്ഡലത്തിലെ മത്സരം 2023 മാർച്ച് 9-ന് മലപ്പുറം ഗവ.കോളേജിൽ വച്ച് നടക്കുകയുണ്ടായി. |
| (ബി) | 2023-24 സാമ്പത്തിക വർഷം പ്രസ്തുത മണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ; | (ബി) | 2023 -24 സാമ്പത്തിക വർഷത്തിൽ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾക്ക് ഭരണാനുമതി ലഭ്യമായിട്ടില്ല. ഭരണാനുമതി ലഭ്യമായാൽ മാത്രമേ മലപ്പുറം മണ്ഡലത്തിൽ നടത്തുവാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുവാൻ സാധിക്കുകയുള്ളൂ. |
| (സി) | യുവജനങ്ങളിൽ ലഹരിക്കെതിരെയും കുറ്റകൃത്യങ്ങൾക്കെതിരെയും അവബോധം സൃഷ്ടിക്കുന്നതിനായി മലപ്പുറം ജില്ല ആസ്ഥാനത്ത് ട്രെയിനിംഗ് സെന്റർ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | യുവജനങ്ങളിൽ ലഹരിക്കെതിരെയും കുറ്റകൃത്യങ്ങൾക്കെതിരെയും അവബോധം സൃഷ്ടിക്കുന്നതിനായി മലപ്പുറം ജില്ലാ ആസ്ഥാനത്ത് ട്രെയിനിംഗ് സെന്റർ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ടുള്ള പദ്ധതിളൊന്നും ബോർഡിൽ നിലവിലില്ല. |

സെക്ഷൻ ഓഫീസർ